# കില
## വാർത്താപത്രിക

VOLUME-8
ISSUE-9
SEPTEMBER 2015

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തെക്കുറിച്ച് പഠിക്കാനെത്തിയ പഞ്ചാബിലെ ജില്ലാപരിഷത് അദ്ധ്യക്ഷന്മാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി


# കേരളത്തിലെ ത്രിതലപഞ്ചായത്ത് സംവിധാനം: പഞ്ചാബികൾക്കു അദ്ഭുതവും മതിപ്പും

**കേ**രളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തിലും അവയുടെ അധികാരങ്ങളിലും പ്രവർത്തനങ്ങളിലും പഞ്ചാബിൽനിന്നുള്ള ജില്ലാപരിഷത്ത് അദ്ധ്യക്ഷന്മാർക്കും ഉദ്യോഗസ്ഥർക്കും അദ്ഭുതവും മതിപ്പും. പഞ്ചാബിൽ ത്രിതല പഞ്ചായത്ത് സംവിധാനമുണ്ടെങ്കലും അവയ്ക്കു സംസ്ഥാനസർക്കാർ പറയത്തക്ക അധികാരങ്ങ ളൊന്നും നൽകിയിട്ടില്ലെന്നതാണ് വസ്തുത. കേരളത്തിൽ പഞ്ചായത്തുകളിലെ ജനസംഖ്യ മുപ്പതിനായിരമാണെങ്കിൽ പഞ്ചാബിലതു മുന്നൂറുമുതൽ ആയിരംവരെയാണ്. വികസനകാര്യത്തിൽ കേരളമാതൃക പിന്തുടരണമെന്നാവശ്യപ്പെട്ട് കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയം കിലയിൽ സംഘടിപ്പിച്ച് റൈറ്റ് ഷോപ്പ് ശിൽപ്പശാലയാണ് ജില്ലാപരിഷത് അദ്ധ്യക്ഷന്മാർക്കു കിലയും കേരളവും സന്ദർശിക്കാൻ അവസരമൊരുക്കിയത്.

പഞ്ചാബിൽ ആകെയുള്ള 22 ജില്ലാപരിഷത്തുകളിൽ 16 ജില്ലാപരഷതുകളിലെ അദ്ധ്യക്ഷന്മാരും മുതിർന്ന ഉദ്യോഗസ്ഥരുമടങ്ങുന്ന 25 അംഗ സംഘമാണ് കിലയിലെത്തിയത്.മൊഹാലി ജില്ലാപരിഷത് ഡെപ്യൂട്ടി സെക്രട്ടറി എസ്.രവീന്ദർസിംഗ് സന്ധുവിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ ആറുപേർ വനിതകളാണ്.

കിലയിൽ പ്രതിനിധസംഘത്തിനൊരുക്കിയ പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് പ്രൊഫ.ടി.രാഘവനും സദ്ഭരണത്തെപ്പറ്റി കില അസി.പ്രൊഫസർ ഡോ.ജെ.ബി.രാജനും പ്രാദേശികസർക്കാരുകൾക്കു കൈമാറിയ അധികാരങ്ങളെ സംബന്ധിച്ച് പ്രൊഫ.ഡോ.സണ്ണിജോർജും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് കെ.ഗോപാലകൃഷ്ണനും സ്ത്രീശാക്തീകരണത്തെക്കറിച്ച് ഡോ.പീറ്റർ എം.രാജും ക്ലാസ്സെടുത്തു.

സംസ്ഥാനത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ച് ടാനി തോമസ് സംസാരിച്ചു. പാണഞ്ചേരി ഗ്രാമപഞ്ചായത്ത്, തളിക്കുളം ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ച് അവിടങ്ങളിലെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്തി.



# അഗതി പെൻഷൻ

**ഭർത്താവ് മരിച്ച വിധവകൾക്കും ഭർത്താവിനെ കാണാതായിട്ട് ഏഴുവർഷം കഴിഞ്ഞ വനിതകൾക്കും അഗതി പെൻഷനു അപേക്ഷിക്കാവുന്നതാണ്. അവരവർ താമസിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പ്രതികൾ ആവശ്യമായ രേഖകൾ സഹിതമാണ് സമർപ്പിക്കേണ്ടത്. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണ സാക്ഷ്യപത്രത്തിന്റെ പകർപ്പ്, കേരളത്തിൽ ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും സ്ഥിര താമസമാണെന്നതിനുള്ള തെളിവ് (റേഷൻ കാർഡ്), മേൽവിലാസം തെളിയിക്കാനുള്ള രേഖ, തിരിച്ചറിയൽ രേഖ/ആധാർ കാർഡ് പകർപ്പ്, വരുമാനം തെളിയിക്കാനുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്. പെൻഷൻ കൈപ്പറ്റുന്ന ആൾ മരിച്ചാൽ കുടിശ്ശിക തുക അനന്തരാവകാശിക്കു കൈപ്പറ്റാവുന്നതാണ്. അതിനു അനന്തരാവകാശസാക്ഷ്യപത്രം നൽകിയാൽ മതിയാകുന്നതാണ്.**

സന്തോഷകരമായ ജീവിതം നയിച്ചുകൊണ്ടിരിക്കുന്ന ഒരു കുടുംബത്തിൽ വിധിയുടെ വിളയാട്ടം പോലെ കുടുംബനാഥൻ മരിക്കുകയാണെങ്കിൽ ആ കുടുംബത്തിലുണ്ടാകുന്ന അനിശ്ചിതത്വം വിവരണാതീതമാണ്.ജീവിതം എന്ന സമസ്യക്കു മുമ്പിൽ പകച്ചുനിൽക്കുന്ന വിധവയായ സ്ത്രീയും കുഞ്ഞുങ്ങളും സങ്കടകരമായ ഒരു കാഴ്ചയാണ്.വളരെയേറെ സാമ്പത്തിക പരാധീനതയുള്ള ഒരു കുടുംബം കൂടിയാണെങ്കിൽ അവരുടെ അവസ്ഥ ഏറ്റവും ദയനീയവുമായിരിക്കും. എത്ര ബന്ധുക്കളുണ്ടായാലും അവരുടെയെല്ലാം സഹായത്തിനു ഒരു പരിധിയുണ്ടാകുമല്ലോ. ജീവിതത്തിനുമുന്നിൽ പകച്ചും തല കുനിച്ചും നിൽക്കുന്ന ആ പാവപ്പെട്ട കുടുംബത്തിനു ഒരൽപ്പം ആശ്വാസമായിട്ടാണ് സർക്കാർ അഗതി പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ഭർത്താവ് മരിച്ച വിധവകൾക്കും ഭർത്താവിനെ കാണാതായിട്ട് ഏഴുവർഷം കഴിഞ്ഞ വനിതകൾക്കും അഗതി പെൻഷനു അപേക്ഷിക്കാവുന്നതാണ്. അവരവർ താമസിക്കുന്ന തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 25.6.2002 ലെ സർക്കാർ ഉത്തരവ് (പി)105/2002 തസ്വഭവ ഉത്തരവു പ്രകാരമാണ് ഇത്തരം അപേക്ഷകൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കു നൽകാൻ നിർദ്ദേശിച്ചിട്ടുള്ളത്.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷകളുടെ രണ്ടു പ്രതികൾ ആവശ്യമായ രേഖകൾ സഹിതമാണ് സമർപ്പിക്കേണ്ടത്. വിധവയാണെങ്കിൽ ഭർത്താവിന്റെ മരണസാക്ഷ്യപത്രത്തിന്റെ പകർപ്പ്, കേരളത്തിൽ ചുരുങ്ങിയത് രണ്ടുവർഷമെങ്കിലും സ്ഥിരതാമസമാണെന്നതിനുള്ള തെളിവ്(റേഷൻ കാർഡ്), മേൽവിലാസം തെളിയിക്കാനുള്ള രേഖ, തിരിച്ചറിയൽ രേഖ/ആധാർ കാർഡ് പകർപ്പ്, വരുമാനം തെളിയിക്കാനുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്.സ.ഉ. (എം.എസ്)9/2015 സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ട്മെന്റ് തീയതി.12.2.2015) കുടുംബവാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയാണ്.വിവാഹമോചിതയാണെങ്കിൽ വിവാഹമോചനം നേടിയതിന്റെ രേഖയോ വില്ലേജ് ഓഫീസറിൽനിന്നുള്ള സാക്ഷ്യപത്രമോ ഹാജരാക്കണം. ജി.ഒ. (എം.എസ്)136/2007/ആർ.ടി. തീയതി 27.4.2007. സാമൂഹ്യനീതി വകുപ്പ്.

ഭർത്താവിനെ കാണാതായി ഏഴുവർഷം കഴിഞ്ഞവർക്കു അപേക്ഷിക്കാം. അതു തെളിയിക്കുന്നതിനു റവന്യു അധികാരികളിൽനിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയാൽ മതിയാകും. സ.ഉ.(പി)1415/73/തദ്ദേശസ്വയംഭരണവകുപ്പ്/സാമൂഹ്യക്ഷേമവകുപ്പ്.തീയതി.3.8.1973 പ്രകാരമുള്ള അഗതി പെൻഷൻ ചട്ടങ്ങൾ കാണുക.

ഇരുപതു വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ളവർക്കു പെൻഷൻ നൽകാൻ വകുപ്പില്ലായിരുന്നു. എന്നാൽ ആൺമക്കൾക്കു ആ കുടുംബം പോററാൻ കിഴിവില്ലാത്തവരോ അവർ നിത്യരോഗികളോ വികലാംഗരോ ആണെങ്കിൽ ആൺമക്കളുണ്ടെന്ന ഒറ്റ കാരണത്താൽ പെൻഷൻ നിഷേധിക്കാൻ പാടില്ല.(സ.ഉ.(എം.എസ്)2/2008 സാ.ക്ഷേ.വ. തീയതി 16.1.2008).കൂടാതെ അപേക്ഷക പുനർവിവാഹം നടത്തിയവരാകരുത് എന്ന വ്യവസ്ഥ കൂടിയുണ്ട്. പുനർവിവാഹം നടത്തിയിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ലഭിക്കുന്ന അപേക്ഷകൾ തദ്ദേശസ്വയംഭരണസ്ഥാപനം ഐ.സി.ഡി.എസ് സൂപ്പർവൈസർ വഴി അന്വേഷണം നടത്തുകയും ആയതിന്റെ റിപ്പോർട്ട് ഭരണസമിതിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷകന്റെ അർഹത അറിയിച്ച് പെൻഷൻ വിതരണത്തിനായി ബന്ധപ്പെട്ട വകുപ്പിലേക്കു ശുപാർശ സമർപ്പിക്കുന്നത്. അർഹതപ്പെട്ടവർക്കു അപേക്ഷിച്ച തീയതി മുതൽ പെൻഷനു അർഹതയുണ്ട്.

പെൻഷൻ കൈപ്പറ്റുന്ന ആൾ മരിച്ചാൽ കുടിശ്ശിക തുക അനന്തരാവകാശിക്കു കൈപ്പറ്റാവുന്നതാണ്. അതിനു അനന്തരാവകാശസാക്ഷ്യപത്രം നൽകിയാൽ മതിയാകുന്നതാണ്. സർക്കുലർ നമ്പർ 2509/സി/08/സാ.ക്ഷേ.വ. തീയതി.12.8.2008.

**വി.ജി.ശശിധരൻ, തത്തപ്പിള്ളി**



ത്രിതല പഞ്ചായത്ത് സംവിധാനത്തെക്കുറിച്ച് പഠിക്കാൻ കിലയിലെത്തിയ മലേഷ്യൻ പ്രതിനിധിസംഘം

# ത്രിതലപഞ്ചായത്ത് സംവിധാനം പഠിക്കാൻ മലേഷ്യൻ സംഘം കിലയിലെത്തി

**കേ**രളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം പഠിക്കാനും അതു തങ്ങളുടെ രാജ്യത്ത് നടപ്പിലാക്കുന്നതു സംബന്ധിച്ച ചർച്ചകൾക്കുമായി മലേഷ്യൻ പാർലമെന്റ് അംഗം സ്റ്റീൻ സിം ചീകോങിന്റെ നേതൃത്വത്തിലുള്ള പതിനെട്ടംഗസംഘം കിലയിലെത്തി. മൂന്നു വനിതാ എം.എൽ. എമാരും സെബറാഗ് പെരയ് നഗരസഭയിലെ കൗൺസിലർമാരും എഞ്ചിനിയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമടങ്ങുന്നതാണ് സംഘം.

മലേഷ്യയിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിലുണ്ടെങ്കിലും 1966 നുശേഷം തദ്ദേശസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുപ്പു നടന്നിട്ടില്ല. അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്ന സംവിധാനമാണ് ഇപ്പോൾ അവിടെ നിലവിലുള്ളത്. ഇതിനു മാറ്റം വരുത്താൻ പെനാംഗ് വനിതാവികസനകോർപ്പറേഷ(പി.ഡബ്ലിയു.ഡി.സി)നാണ് മുൻകൈ എടുത്തിട്ടുള്ളത്.

ത്രിതല പഞ്ചായത്ത് സംവിധാനം ശക്തിപ്പെടുത്താനും സ്ത്രീകളുടേയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് വനിതാവികസനകോർപ്പറേഷന്റെ ലക്ഷ്യം. ത്രിതല പഞ്ചായത്ത് സംവിധാനം നല്ല നിലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനം കേരളമാണെന്നും മികച്ച പരിശീലനം നൽകുന്ന സ്ഥാപനം കിലയാണെന്നുമുള്ള തിരിച്ചറിവിനെ തുടർന്നാണ് ഇവർ കിലയിലെത്തിയത്.

ആദ്യദിവസത്തെ പരിശീലനപരിപാടിയിൽ പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് പ്രൊഫ.ടി.രാഘവനും ജെൻഡർ ബജററിനെസംബന്ധിച്ച് ഡോ.പീറ്റർ എം.രാജും ക്ലാസ്സെടുത്തു. പരിശീലനത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് അസി. ഡയറക്ടറുടെ ചുമതലയുള്ള കെ.ബാബു സംസാരിച്ചു. ഡോ.സണ്ണി ജോർജാണ് കോഴ്സ് ഡയറക്ടർ.രണ്ടാം ദിവസം വിവിധ വിഷയങ്ങളിൽ കില അസി.പ്രൊഫ. ഡോ. ജെ.ബി.രാജനും മായ ശശിധരനും ക്ലാസ്സെടുത്തു.

പഴയന്നൂർ ഗ്രാമപഞ്ചായത്തും ഗുരുവായൂർ നഗരസഭയും സന്ദർശിച്ച് അവിടങ്ങളിലെ വികസനപ്രവർത്തനങ്ങൾ നേരിൽ കണ്ട് സംഘം വിലയിരുത്തി. പെനാംഗ് വനിതാ വികസന കോർപ്പറേഷൻ ഡയറക്ടർ പ്രൊഫ. സിസിലിയ ഒരു മാസം മുമ്പ് കിലയിലെത്തി സന്ദർശനപരിപാടിയുടെ വിശദംശങ്ങളെക്കുറിച്ച് കില ഡയറക്ടറുമായി ചർച്ച നടത്തിയിരുന്നു. കിലയുമായി തുടർ പഠന-സന്ദർശന പരിപാടിക്കു അവർക്കു താൽപര്യമുണ്ടെന്നു അറിയിച്ചതായി ഡയറക്ടർ പറഞ്ഞു.




ഹൈദരാബാദിലെ സെന്റർ ഫോർ ഇന്നവേഷൻ ആന്റ് പബ്ലിക്ക് സിസ്റ്റം സംഘടിപ്പിച്ച മൂന്നു ദിവസത്തെ ദേശീയ ശിൽപ്പശാലയിൽ പങ്കാളിത്ത ആസൂത്രണത്തിന്റെ കേരള മാതൃകയെക്കുറിച്ച് കില അസി.പ്രൊഫ. **ഡോ.ജെ.ബി.രാജൻ** സംസാരിക്കുന്നു

## പ്രാദേശികഭരണത്തെക്കുറിച്ച് പരിശീലനം

**പ്രാ**ദേശികഭരണസംവിധാനത്തെക്കുറിച്ചും പങ്കാളിത്ത ആസൂത്രണത്തെസംബന്ധിച്ചും കേരളത്തിലെ പട്ടികജാതി വിഭാഗം സാമൂഹ്യപ്രവർത്തകർക്കുവേണ്ടി കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. അധികാര വികേന്ദ്രീകരണം, പൗരസമൂഹം,പങ്കാളിത്ത ആസൂത്രണം, ഗ്രാമസഭ, ഗ്രാമകേന്ദ്രം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നു ലഭിക്കുന്ന സേവനങ്ങൾ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ വി.ജി ശശിധരൻ, ട്രെയിനിംഗ് അസോസിയേറ്റ് പ്രതാപ്സിംഗ്, കെ.ഗോപാലകൃഷ്ണൻ. ഇബ്രാഹിം, വർക്കി ജോസഫ് എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി.



ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കു കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല പരിശീലന പരിപാടി

# ജാഗ്രതാസമിതി: ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്കു പരിശീലനം തുടങ്ങി

ഗ്രാമപഞ്ചായത്തുകളിലെ ജാഗ്രതാസമിതി പ്രവർത്തനവുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്(സമഗ്രശിശുവികസന പദ്ധതി) സൂപ്പർവൈസർമാർക്കുള്ള സംസ്ഥാനതല പരിശീലനം കിലയിൽ തുടങ്ങി. തൃശ്ശൂർ, എറണാകുളം ജില്ലകളിൽനിന്നുള്ള 70 സൂപ്പർവൈസർമാരാണ് ആദ്യ ബാച്ചിൽ പരിശീലനത്തിനെത്തിയത്.

കില ചൈൽഡ് റിസോഴ്സ് സെന്ററിലെ ഡോ.പീറ്റർ എം.രാജ് ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ ഭാസ്ക്കരൻ പള്ളിക്കര, ഐ.സി.ഡി.എസ് സൂപ്പർവൈസർ ലേഖ എസ്.എന്നിവർ സംസാരിച്ചു. വാർഡുതല ജാഗ്രതാസമിതിയെക്കുറിച്ച് വി.ആർ.മധുസൂദനക്കുറുപ്പും പരാതികൾ സ്വീകരിക്കുന്നതും തീർപ്പാക്കുന്നതും സംബന്ധിച്ച് കെ.ഗോപാലകൃഷ്ണനും പഞ്ചായത്തുതല ജാഗ്രതാസമിതിയെക്കുറിച്ച് പി.കെ. ജയദേവനും സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തെക്കുറിച്ച് അഡ്വ.സീനാ രാജഗോപാലും അവകാശസംരക്ഷണ സംവിധാനത്തെക്കുറിച്ച് എസ്. ശ്രീരഞ്ജിനിയും ഷീനു എസ് നായരും ക്ലാസ്സെടുത്തു.കിലയും കേരള സാമൂഹ്യക്ഷേമവകുപ്പും സംയുക്തമായാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

ഓരോ പഞ്ചായത്തിലേയും അങ്കണവാടികളുടെ മേൽനോട്ട ചുമതലയുള്ളവരാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ.പഞ്ചായത്തുതല ജാഗ്രാതാസമിതികളുടെ കൺവീനർമാർകൂടിയാണിവർ. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും തടയുകയാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. വനിതാ അഭിഭാഷക, പൊലിസ് സബ് ഇൻസ്പെക്ടർ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ,സന്നദ്ധപ്രവർത്തകർ തുടങ്ങിയവരെല്ലാം പഞ്ചായത്തുതല ജാഗ്രതാസമിതിയിലെ അംഗങ്ങളാണ്.



പരിശീലന പരിപാടിയിൽ പങ്കെടുത്ത ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ

## കേരള ലോകായുക്ത നിയമപ്രകാരം സ്വത്തുവിവരം നൽകൽ

**കേ**രള ലോകായുക്തനിയമം 1999 പ്രകാരം ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതുപ്രവർത്തകർ ഓരോ രണ്ടുവർഷം കൂടുമ്പോഴും ജൂൺ 30 നു മുമ്പ് നിശ്ചിത ഫോറത്തിൽ ലോകായുക്ത മുമ്പാകെ സ്വത്തുവിവരം സമർപ്പിക്കേണ്ടതാണ്. ലോകായുക്ത രജിസ്ട്രാർ മുമ്പാകെയാണ് പത്രിക സമർപ്പിക്കേണ്ടത്. തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ 2011 ജൂൺ 30 നു മുമ്പും തുടർന്ന് രണ്ടുവർഷം കൂടുമ്പോൾ ജൂൺ 30 നു മുമ്പുമാണ് സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്കും പത്രികാഫോറത്തിന്റെ മാതൃകയ്ക്കും www.lokaukthakerala.gov.in എന്ന വെബ്സൈറ്റ് കാണുക.

# എടവക ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതിരേഖ മന്ത്രി രമേശ് ചെന്നിത്തല പ്രകാശനം ചെയ്തു

**വ**യനാട് ജില്ലയിലെ ആദ്യ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയ ഗ്രാമത്തിന്റെ പ്രഖ്യാപനവും കേരളത്തിൽ ആദ്യമായി തയ്യാറാക്കിയ പട്ടികവർഗ്ഗ ഉപപദ്ധതി രേഖയുടെ പ്രകാശനവും സംസ്ഥാന ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിച്ചു. മാതൃകാപരമായ ഒട്ടേറെ പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കുന്ന പഞ്ചായത്താണ് എടവകയെന്ന് മന്ത്രി പറഞ്ഞു. കിലയുടെ അക്കാദമിക് സഹായത്തോടു കൂടി തയ്യാറാക്കിയ പട്ടികവർഗ്ഗ ഉപപദ്ധതി രേഖയുടെ പ്രകാശനവും അദ്ദേഹം നിർവ്വഹിച്ചു. എടവക ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടപ്പിലാക്കിയ സമ്പൂർണ്ണ സേവാഗ്രാം - ഗ്രാമകേന്ദ്രങ്ങളുടെ പ്രഖ്യാപനം കില ഡയറക്ടർ ഡോ. പി.പി ബാലൻ നിർവ്വഹിച്ചു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനും പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനും വാർഡ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കില നൽകിയ പരിശീലനവും സേവനവും ഏറെ ശ്രദ്ധേയമാണെന്നു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്.ബി പ്രദീപ് മാസ്റ്റർ പറഞ്ഞു.

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രസക്തിയെ കുറിച്ച് കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽട്ടി അംഗം വി.കെ മോഹൻകുമാർ വിശദീകരിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എൻ.കെ റഷീദ്, വൈസ് പ്രസിഡന്റ് ഉഷാകുമാരി, എടവക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആമിനാ അവറാൻ, പട്ടികവർഗ്ഗ ഉപപദ്ധതി പ്രൊജക്ട് അസോസിയേറ്റ് പ്രതാപ് സിംഗ് എ.എസ്. എന്നിവർ പങ്കെടുത്തു.




മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഉപപദ്ധതി രേഖയുടെ പ്രകാശനം കില അസി.പ്രൊഫസറും പട്ടികവർഗ്ഗ ഉപപദ്ധതി രേഖയുടെ പ്രോജക്ട് ഡയറക്ടറുമായ ഡോ. ജെ.ബി രാജൻ നിർവ്വഹിക്കുന്നു

# മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി രേഖപ്രകാശനം

**കി**ലയുടെ അക്കാദമിക് സഹായത്തോടുകൂടി കേരളത്തിൽ തന്നെ മാതൃകാപരമായി പട്ടികവർഗ്ഗ ഉപപദ്ധതിരേഖ തയ്യാറാക്കിയ രണ്ട് പഞ്ചായത്തുകളാണ് മീനങ്ങാടി ഗ്രാമപഞ്ചായത്തും എടവക ഗ്രാമപഞ്ചായത്തും. മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഉപപദ്ധതി രേഖയുടെ പ്രകാശനം കിലയുടെ അസോസിയേറ്റ് പ്രൊഫസറും പട്ടികവർഗ്ഗ ഉപപദ്ധതി രേഖയുടെ പ്രോജക്ട് ഡയറക്ടറുമായ ഡോ. ജെ.ബി.രാജൻ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർക്ക് നൽകി നിർവ്വഹിച്ചു. മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസ്സൈനാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ഉഷാകുമാരി ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് അംഗം ബീനാവിജയൻ, ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ലതാശശി, പട്ടികവർഗ്ഗ വർക്കിംഗ്ഗ്രൂപ്പ് ചെയർപേഴ്സൺ സിന്ധുരാജൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വി.എ.അബ്ബാസ്, ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ കെ.രാമൻകുട്ടി, കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽട്ടി അംഗങ്ങളായ വി.കെ.മോഹൻകുമാർ, വേണുഗോപാൽ എൻ.പി, ഇ.ജി.ജോസഫ്, ഷിഹാബ് ടി.എം, വിവിധ ഊരിൽനിന്നെത്തിയ മൂപ്പന്മാർ, പട്ടികവർഗ്ഗ വർക്കിംഗ്ഗ്രൂപ്പ് അംഗങ്ങൾ, പ്രമോട്ടർമാർ, ഉദ്യോഗസ്ഥർ പങ്കെടുത്തു.

## സ്വത്തുസമ്പാദ്യ വിവരണപത്രിക

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അംഗവും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റംഗങ്ങളുടേയും സ്വത്തുകളും ബാദ്ധ്യതകളും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നിശ്ചിതഫോറത്തിൽ തയ്യാറാക്കി സർക്കാർ നിശ്ചയിച്ചിട്ടുള്ള അധികാരസ്ഥാനത്തിനു മുന്നിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ പതിനഞ്ചുമാസത്തിനകമാണ് പ്രസ്തുത സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടത്.(കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 159 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 143) ഇപ്രകാരം സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിനുശേഷം ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ചെയ്താൽ മൂന്നുമാസത്തിനകം വീണ്ടും ഇതുസംബന്ധിച്ച് സ്റ്റേറ്റ്മെന്റ് സമർപ്പിക്കണം.ഇതു നിയമപരമായ ബാദ്ധ്യതയാണ്. അങ്ങനെ ചെയ്യാത്തവർ അംഗമായി തുടരുന്നതിനു അയോഗ്യത കൽപ്പിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർക്കും ജില്ലാപഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്ത് ഡയറക്ടർക്കും മുനിസിപ്പൽ/കോർപ്പറേഷൻ അംഗങ്ങൾ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർക്കുമാണ് സ്വത്തുവിവര പത്രിക സമർപ്പിക്കേണ്ടത്. ത്രിതല പഞ്ചായത്തംഗങ്ങൾ അനുബന്ധം ഒന്നിലെ ഫോറങ്ങളിലും നഗരസഭാംഗങ്ങൾ അനുബന്ധം രണ്ടിലെ ഫോറങ്ങളിലുമാണ് പത്രിക സമർപ്പിക്കേണ്ടത്. ഫോറങ്ങളുടെ മാതൃകയ്ക്കും കൂടുതൽ വിവരങ്ങൾക്കും 27.11.2010 ലെ സർക്കുലർ നമ്പർ 71471/ഇ.എം.1/2010/ തസ്വഭവ കാണുക.

## ചോദിക്കൂ പറയാം

? അങ്കണവാടി കെട്ടിടനിർമ്മാണം ഐ.സി.ഡി.എസ് സൂപ്രവൈസർ നിർവഹണ ഉദ്യോഗസ്ഥനായി ചെയ്യണമെന്നു പഞ്ചായത്തു പറയുന്നു. ഇതു ശരിയാണോ?

● അങ്കണവാടി കെട്ടിടനിർമ്മാണം പൊതുമരാമത്തു പ്രവർത്തിയാണ്.പൊതുമരാമത്തു പ്രവർത്തികൾ നിർവഹണം ചെയ്യേണ്ടത് എഞ്ചിനീയറാണ്. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും നിർദ്ദേശിക്കുന്ന നിർമ്മാണപ്രവർത്തനങ്ങളുടെ നിർവഹണം നടത്താനുള്ള ഉദ്യോഗസ്ഥൻ എഞ്ചിനീയറായിരിക്കണം. (ആസൂത്രണ മാർഗ്ഗരേഖ-(സ.ഉ.(എം.സ്) 362/13 തസ്വഭവ.തീയതി.16.11.2013, സെക്ഷൻ 11.2.(ഇ) വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ)

? അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ഹോണറേറിയം വർദ്ധിപ്പിച്ചതായി പറയുന്നു. എത്രയാണ് വർദ്ധിപ്പിച്ചത്?

● അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ഹോണറേറിയം 100 രൂപയിൽനിന്ന് 1000/-രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ തനതു ഫണ്ടിൽനിന്നാണ്ഈതുകനൽകേണ്ടത്.(സ.ഉ.(സാധാ) നമ്പർ 2469/2015 ത.സ്വ.ഭ.വ തീയതി 10.8.2015)

? പൊതുവിവാഹചട്ടങ്ങൾ പ്രകാരം വ്യത്യസ്തമതവിഭാഗങ്ങളിൽപെട്ടവർ വിവാഹിതരായാൽ രജിസ്റ്റർ ചെയ്തിരുന്നു. ഇപ്പോൾ അതു തദ്ദേശസ്വയയഭരണസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്നുപറയുന്നതു ശരിയാണോ?

● കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടം 2008 ൽ വരുത്തിയ ഭേദഗതി പ്രകാരം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാരപ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹം എന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കലും വിധത്തിലുണ്ടാക്കുന്ന യാതൊരു ബന്ധവും ഈ ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല എന്നു പറയുന്നു. വ്യത്യസ്ത മതവിഭാഗത്തിൽ പെട്ടവർ സ്പെഷൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരായതാണെങ്കിൽ അവർ ആവശ്യപ്പെടുന്ന പക്ഷം ഈ വിധം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.വിവാഹറൂൾ രജിസ്റ്റർ ചെയ്യൽ(പൊതു) ഭേദഗതി ചട്ടങ്ങൾ.സ.ഉ.(പി) 2/2015.നയമം.തീയതി.16.2.2015)

? പഞ്ചായത്തിന്റതല്ലാത്ത ഗ്രന്ഥശാലകൾക്കു പഞ്ചായത്തിൽനിന്ന് ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥയുണ്ടോ?

● കേരള ഗ്രന്ഥശാലാസംഘത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലകൾക്കു പുസ്തകം,ഫർണിച്ചർ എന്നിവ വാങ്ങി നൽകാൻ പഞ്ചായത്തിനു അനുവാദമുണ്ട്.(സ.ഉ.സാധാ)2148/2014 തസ്വഭവ.തീയതി 19.8.2014) ജില്ലാപഞ്ചായത്തിതന്റെ ഫണ്ടുപയോഗിച്ച് കെട്ടിടം പണിതു നൽകാനും അനുവാദമുണ്ട്.

? അബ്കാരി ഷാപ്പുകൾ നടത്തുന്നതിനു പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണോ?

● ആവശ്യമാണ്. കേരള പഞ്ചായത്ത് ഡി.ആന്റ് ഓ ചട്ടങ്ങൾ 1996 ലെ ഐററം നമ്പർ 139 പ്രകാരം അബ്കാരി ഷാപ്പുകൾക്കു ലൈസൻസ് നൽകണം.

? മാതൃകാപെരുമാറ്റ ചട്ടം നിലവിൽ വന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു വ്യക്തികൾക്കു ആനുകൂല്യങ്ങൾ നൽകാമോ? പൊതുമരാമത്തു പണികൾ നടത്താമോ?

● നിലവിൽ തുടർച്ചയായി ചെ.യ്തുകൊണ്ടിരിക്കുന്നത് തുടർന്നും നൽകാം. ആരംഭിച്ച പൊതുമാരാമത്തു പ്രവർത്തികൾ തുടർന്നു നടത്തുകയും ചെയ്യാം. എന്നാൽ മാതൃകാപെരുമാറ്റചട്ടം നിലവിൽ വന്നശേഷം പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനോ പുതിയ പദ്ധതികൾ ഏറ്റെടുക്കാനോ ഉദ്ഘാടനം പോലെയുള്ള ചടങ്ങുകൾ നടത്തുവാനോ പാടില്ല.

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

? സംസ്ഥാന ആഡിറ്റ് ഡിപ്പാർട്ടുമെന്റ് (ലോക്കൽ ഓഡിറ്റ്) ഓഡിറ്റിൽ നിരാകരിച്ച തുക സർച്ചാർജ് സാക്ഷ്യപത്രം നൽകുന്നതിനുമുമ്പ് റവന്യു റിക്കവറി നടപടികളിലൂടെ ഈടാക്കാൻ സെക്രട്ടറിക്കു അധികാരമുണ്ടോ?

● ഓഡിറ്റ് സാക്ഷ്യപത്രം കൈപ്പറ്റി ഒരുമാസത്തിനകം ബന്ധപ്പെട്ട കക്ഷി ജില്ലാകോടതിയെ സമീപിക്കാതിരിക്കുകയും തുക ഒടുക്കാതിരിക്കുകയും ചെയ്താൽ മാത്രമേ റവന്യു റിക്കവറി നടപടി ആരംഭിക്കാൻ പാടുള്ളൂ. ജില്ലാകോടതിയിൽ സമർപ്പിച്ച കാര്യത്തിൽ കോടതി സാക്ഷ്യപത്രം ശരിവച്ചുകഴിഞ്ഞാൽ ഒരുമാസത്തിനകം തുക അടച്ചില്ലെങ്കിലും റവന്യുറിക്കവറി നടപടി സ്വീകരിക്കാം.(ഓഡിറ്റ് ചട്ടം,വകുപ്പ് 16(4) കാണുക.

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അവിശ്വാസപ്രമേയം ചർച്ചക്കെടുക്കുന്ന യോഗങ്ങളിൽ സാധാരണ യോഗത്തിൽ നിരീക്ഷകരായി എത്തുന്നതുപോലെ പൊതുജനങ്ങളെ പ്രവേശിക്കാമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ചെയർമാൻ/വൈസ്ചെയർമാൻ/പ്രസിഡന്റ്/വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലുള്ളവർക്കെതിരെ അവിശ്വാസപ്രമേയം വന്നാൽ അതു ചർച്ചക്കെടുക്കുന്നത് തെരഞ്ഞെടുപ്പുകമ്മീഷൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ വിളിച്ചുകൂട്ടുന്ന യോഗത്തിൽ വച്ചാണ്. അപ്രകാരം ചേരുന്ന യോഗഹാളിലേക്കു അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും അല്ലാതെ മറ്റാരേയും പ്രവേശിപ്പിക്കാൻ പാടില്ലാത്തതാണ്. (തെരഞ്ഞെടുപ്പുകമ്മീഷന്റെ 6.1.2006 ലെ നമ്പർ 14/ബി/2005/സം.തെ.ക. നമ്പർ സർക്കുലർ

? ആരോഗ്യസ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ലൈസൻസ് വാങ്ങേണ്ടതുണ്ടോ?

● ആരോഗ്യസ്ഥാപനങ്ങൾ തുടങ്ങുമ്പോൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു ലൈസൻസ് ആവശ്യമാണ്. തദ്ദേശസ്ഥാപനങ്ങൾ ലൈസൻസ് നൽകുന്നതിനു സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്ന് ക്ലിയറൻസ് സാക്ഷ്യപത്രം ആവശ്യമാണ്. (സർക്കുലർ നമ്പർ 47724/ഡി.സി/2011 എൽ.എസ്.ജി.ഡി തീയതി.9.12.2011)

## തദ്ദേശതെരഞ്ഞെടുപ്പ്: 941 പഞ്ചായത്തുകളിൽ **15,962 വാർഡുകൾ**

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലെ വാർഡുകളുടെ പട്ടിക പ്രസിദ്ധീകരിച്ചു. ആകെ 15,962 വാർഡുകളിലേക്കാണ് തെരഞ്ഞെടുപ്പ്. മലപ്പുറമാണ് മുന്നിൽ. മലപ്പുറത്ത് 94 പഞ്ചായത്തുകളിലായി 1778 വാർഡുകളുണ്ട്.ഏറ്റവും കുറവ് വയനാട്ടിലാണ്. ആകെ23 പഞ്ചായത്തുകളും 413 വാർഡുകളും. 2010 ൽ 978 പഞ്ചായത്തുകളിലായി 16,680 വാർഡുകളാണുണ്ടായിരുന്നത്.







# ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചുള്ള
# **ആദ്യത്തെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ്**

**വോട്ടിംഗ് യന്ത്രവും കൺട്രോൾ യൂണിറ്റും സുരക്ഷിതമാക്കുന്നതിനു പേപ്പർ സീൽ ഉപയോഗിക്കേണ്ടതും അതിൽ പ്രിസൈഡിംഗ് ഓഫീസറും ഹാജരുള്ള ഏജന്റുമാരും ഒപ്പിടേണ്ടതുമാണ്. കൺട്രോൾ യൂണിറ്റ് മുദ്രവയ്ക്കുന്നതിനുമുമ്പായി പ്രിസൈഡിംഗ് ഓഫീസർ ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ മോക്ക് വോട്ടെടുപ്പു നടത്തേണ്ടതാണ്. യന്ത്രം കുറ്റമറ്റതാണെന്നും ഇതിനുമുമ്പ് ആരും വോട്ടുചെയ്തിട്ടില്ലെന്നും യന്ത്രം ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നു ബോധ്യപ്പെടുത്താനുമാണ് ഇപ്രകാരം പ്രദർശന വോട്ടെടുപ്പു നടത്തുന്നത്.**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള ആസന്നമായ തെരഞ്ഞെടുപ്പിൽ ഇത്തവണ ബാലറ്റ് പേപ്പറുകൾക്കു പകരം സാർവത്രികമായി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ലോക്സഭ-നിയമസഭ തെരഞ്ഞെടുപ്പുകൾക്കു വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ (പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും) ഇക്കുറി ആദ്യമായാണ് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം ഉപയോഗിച്ചുള്ള വോട്ടെടുപ്പിനെ സംബന്ധിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ജനങ്ങളും അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിനു രണ്ടു ഭാഗങ്ങളാണുള്ളത്. ഒരു കൺട്രോൾ യൂണിറ്റും ഒരു ബാലററ് യൂണിറ്റും. വോട്ടെടുപ്പു തുടങ്ങുന്നതിനു മുമ്പുതന്നെ ഈ രണ്ടു യൂണിറ്റുകളും സജ്ജമാക്കി വച്ചിരിക്കണം. കൺട്രോൾ യൂണിറ്റിലും ബാലറ്റ് യൂണിറ്റിലും നിയോജകമണ്ഡലത്തിന്റെ പേരും നമ്പരും ഉണ്ടായിരിക്കണം. അതുപോലെ തന്നെ ഇലക്ട്രോണിക് യൂണിറ്റിന്റെ ക്രമനമ്പറും രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും. വോട്ടെടുപ്പുനടക്കുന്ന തീയതിയും അതിൽ രേഖപ്പെടുത്തണം. വോട്ടെടുപ്പ് ആരംഭിക്കുന്നതിനു മുമ്പ് യന്ത്രം പ്രവർത്തനസജ്ജമാണോയെന്ന് ഒരിക്കൽ കൂടി പരിശോധന നടത്തണം. ആരും അതിൽ വോട്ടുരേഖപ്പെടുത്തിയിട്ടില്ലെന്നു ഉറപ്പുവരുത്തുകയും വേണം. ചട്ടം 24 (സി) ഉപചട്ടം(4) ൽ പറഞ്ഞിരിക്കുന്നതുപോലെ സ്ഥാനാർത്ഥിയുടെ പേരും ചിഹ്നവും അടങ്ങിയ ലേബൽ അതതു പോളിംഗ് സ്റ്റേഷനിൽ വച്ചിട്ടുള്ള യൂണിറ്റിൽ കൃത്യമായി വച്ചിട്ടുണ്ടോയെന്നു പരിശോധിക്കുകയും അവിടെയുള്ള ഏജന്റുമാർ/സ്ഥാനാർത്ഥികൾ/ഹാജരുള്ള മറ്റുള്ളവരേയും ബോധ്യപ്പെടുത്തണം.

വോട്ടിംഗ് യന്ത്രവും കൺട്രോൾ യൂണിറ്റും സുരക്ഷിതമാക്കുന്നതിനു പേപ്പർ സീൽ ഉപയോഗിക്കേണ്ടതും അതിൽ പ്രിസൈഡിംഗ് ഓഫീസറും ഹാജരുള്ള ഏജന്റുമാരും ഒപ്പിടേണ്ടതുമാണ്.കൺട്രോൾ യൂണിറ്റ് മുദ്രവയ്ക്കുന്നതിനുമുമ്പായി പ്രിസൈഡിംഗ് ഓഫീസർ ഏജന്റുമാരുടെ സാന്നിദ്ധ്യത്തിൽ മോക്ക് വോട്ടെടുപ്പു നടത്തേണ്ടതാണ്. യന്ത്രം കുറ്റമറ്റതാണെന്നും ഇതിനു മുമ്പ് ആരും വോട്ടുചെയ്തിട്ടില്ലെന്നും യന്ത്രം ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നു ബോധ്യപ്പെടുത്താനുമാണ് ഇപ്രകാരം പ്രദർശന വോട്ടെടുപ്പു നടത്തുന്നത്. അതിനുശേഷം യന്ത്രം വോട്ട് കൗണ്ട് ചെയ്തു കാണിക്കുകയും വീണ്ടും ചെയ്ത വോട്ടുകൾ ഡിലീറ്റ് ചെയ്തു കളഞ്ഞ് പൂജ്യത്തിലാക്കി എല്ലാവരേയും ബോധ്യപ്പെടുത്തിയശേഷമേ യന്ത്രം മുദ്രവയ്ക്കാൻ പാടുള്ളൂ.

കൺട്രോൾ യൂണിറ്റിൽ അതു സംരക്ഷിക്കുന്നതിനുള്ള മുദ്ര, യൂണിറ്റ് മുദ്രവച്ചശേഷം മുദ്ര പൊട്ടിക്കാതെ ബട്ടൺ അമർത്താൻ കഴിയാത്തവിധം ഉറപ്പിക്കേണ്ടതാണ്. കൺട്രോൾ യൂണിറ്റ് അടയ്ക്കുകയും സുരക്ഷിതമാക്കുകയും ചെയ്തശേഷം പ്രിസൈഡിംഗ് ഓഫീസർക്കും പോളിംഗ് ഏജന്റുമാർക്കും പൂർണമായി കാണുന്ന വിധത്തിലായിരിക്കണം ബാലറ്റിംഗ് യൂണിറ്റ് വോട്ടിംഗ് കംപാർട്ടുമെന്റിൽ വയ്ക്കേണ്ടത്.വോട്ടിംഗ് ആരംഭിച്ചാൽ നടപടിക്രമങ്ങൾ കഴിഞ്ഞ് വോട്ടർ വോട്ടിംഗ് കംപാർട്ടുമെന്റിൽ എത്തി വോട്ടു ചെയ്യുന്നതിനു പ്രിസൈഡിംഗ് ഓഫീസർ കൺട്രോൾ പാനൽ ഓൺ ചെയ്യേണ്ടതും വോട്ടിംഗ് നടക്കുമ്പോൾ ബീപ് ശബ്ദം കേൾക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കേണ്ടതുമാണ്. ഇപ്രകാരം ഓരോ വോട്ടർമാരും ക്രമമായി പേരു വിളിക്കുന്നതിനനുസരിച്ച് വോട്ടിംഗ് യൂണിറ്റിൽ ചെന്ന് തങ്ങൾക്കു താൽപര്യമുള്ള സ്ഥാനാർത്ഥിയുടെ പേരിനു നേരേയുള്ള ബട്ടണിൽ വിരൽ അമർത്തി വോട്ടു ചെയ്യാവുന്നതാണ്.

വോട്ടിംഗ് അവസാനിച്ചുകഴിഞ്ഞാൽ പ്രിസൈഡിംഗ് ഓഫീസർ ഉടനെ തന്നെ കൺട്രോൾ യൂണിറ്റ് അടയ്ക്കേണ്ടതും ബാലററ് യൂണിറ്റ് കൺട്രോൾ യൂണിറ്റിൽനിന്നു വേർപ്പെടുത്തേണ്ടതുമാണ്. വീണ്ടും ആരെങ്കിലും കയറി വോട്ടു രേഖപ്പെടുത്താതിരിക്കാൻവേണ്ടിയാണ് ഉടനെ തന്നെ ഇപ്രകാരം ചെയ്യേണ്ടത്. അതിനുശേഷം തെരഞ്ഞെടുപ്പുകമ്മീഷൻ നിർദ്ദേശിച്ചപ്രകാരം കൺട്രോൾ യൂണിറ്റും ബാലറ്റിംഗ് യൂണിറ്റും വേർതിരിച്ച് സീൽ ചെയ്തു സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ഒരു തരത്തിലും സീൽ പൊട്ടിക്കാതെ യൂണിറ്റ് തുറക്കാൻ കഴിയാത്തവിധം മുദ്രവച്ച് സംരക്ഷിക്കേണ്ടതാണ്. സുതാര്യവും വിശ്വസനീയവുമായി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്താൻ തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശിക്കുന്ന എല്ലാനിർദ്ദേശങ്ങളും പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.

**വിജിയെസ്**




ഫോർമർ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കു കിലയിൽ സംഘടിപ്പിച്ച
ഏകദിന ശിൽപ്പശാല പി.എ.മാധവൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# ഫോർമർ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കു കിലയിൽ ശിൽപ്പശാല

**അ**ധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ഫോർമർ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കു കിലയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു.അധികാരവികേന്ദ്രീകരണം ഇന്നലെ, ഇന്ന്, നാളെ എന്ന വിഷയത്തെക്കുറിച്ചായിരുന്നു ശിൽപ്പശാല. ഗ്രാമീണ വികസനരംഗത്തെ ഭാവനാസമ്പന്നരായിരുന്നു മുൻ ജനപ്രതിനിധികളെന്ന് ശിൽപ്പശാല ഉദ്ഘാടനം ചെയ്ത പി.എ.മാധവൻ എം.എൽ.എ അഭിപ്രായപ്പെട്ടു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കരീം പന്നിത്തടം അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ മുഖ്യാതിഥിയായിരുന്നു അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.വി അബ്ദുൾ റഹിമാൻ, ജില്ലാ സെക്രട്ടറി സി.വി. കുര്യോക്കോസ്, കെ.സി.സുബ്രഹ്മണ്യൻ, വികാസ് ചക്രപാണി, എൻ.കെ സുബ്രഹ്മണ്യൻ, ടി.കെ.നമ്പീശൻ, വി.ടി.ആന്റണി, മോളി തോമസ്, എം. പത്മിനി ടീച്ചർ, ചന്ദ്രപ്രകാശ് ഇടമന എന്നിവർ സംസാരിച്ചു. ഏല്യാമ ജോസ്,വി.കെ. വേലായുധൻ, വി.കെ.സുലൈമാൻ, ഷീല ജോസ്, സി.പി.ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.



കേന്ദ്രസർക്കാരും ജിസും(ജർമ്മൻ ഇന്റർ നാഷ്ണൽ കോ-ഓപ്പറേഷൻ) ചേർന്ന് നടപ്പിലാക്കിവരുന്ന
നഗരശുചിത്വ പരിപാടി (സിറ്റി സാനിറ്റേഷൻ പ്ലാൻ-സി.എസ്.പി)യുടെ രണ്ടാംഘട്ട പരിശീലനപരിപാടിയിൽ
ജിസിന്റെ സാങ്കേതിക വിദഗ്ദ്ധ സാറ സംസാരിക്കുന്നു.



ഇന്റർ നാഷ്ണൽ ജോഗ്രഫിക്കൽ യൂണിയൻ (ഐ.ജി.യു)മോസ്കോ യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച
റീജിണൽ കോൺഫ്രൻസിൽ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചുള്ള പ്രത്യേക സെഷനിൽ
കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)